"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - ഗോശ്രീ ദ്വീപ് വികസന അതോറിറ്റി (ജിഡ) -Tetrapod seawall - GIDA - ASE - Urgent Reformation work using Tetrapod for the damaged sunken sea wall in between CP stone 1128 and 1137 - ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.606/2026/LSGD തീയതി,തിരുവനന്തപുരം, 06-03-2026

---

പരാമർശം:- 1. ജിഡ സെക്രട്ടറിയുടെ 13.02.2025, 13.05.2025, 25.07.2025 എന്നീ തീയതികളിലെ GIDA/975/2018 നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

ഗോശ്രീ ദ്വീപ് വികസന അതോറിറ്റി (ജിഡ)-യുടെ പരിധിയിൽ വരുന്ന എടവനക്കാട് ഗ്രാമപഞ്ചായത്തിൽ മഴക്കാലത്ത് അതിരൂക്ഷമായ കടലാക്രമണം അനുഭവപ്പെടുന്നുണ്ടെന്നും, ഇതിന് പരിഹാരമായി ചെല്ലാനം മാതൃകയിൽ ടെട്രോപോഡ് സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ഇറിഗേഷൻ വകുപ്പ് സമർപ്പിച്ചിട്ടുണ്ടെന്നും, എസ്റ്റിമേറ്റിൽ പദ്ധതി ചെലവായി കണക്കാക്കിയിരിക്കുന്ന 55.937 കോടി രൂപയിൽ 35 കോടി രൂപ ജിഡ ഫണ്ടിൽ നിന്നും വകയിരുത്തുന്നതിനും, പദ്ധതി നടത്തിപ്പിനുള്ള ബാക്കി തുക NDMF ൽ നിന്നും ലഭ്യമാക്കാമെന്ന് ജില്ലാ കളക്ടർ അറിയിച്ചിരുന്നെന്നും, ആയതിന്റെ അടിസ്ഥാനത്തിൽ 35 കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകണമെന്നും ജിഡ സെക്രട്ടറി പരാമർശിത കത്തുകൾ പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗോശ്രീ ദ്വീപ് വികസന അതോറിറ്റി (ജിഡ)-യുടെ പരിധിയിൽ വരുന്ന എടവനക്കാട് ഗ്രാമപഞ്ചായത്തിൽ മഴക്കാലത്ത് ഉണ്ടാകുന്ന അതിരൂക്ഷമായ കടലാക്രമണത്തിന് പരിഹാരമായി ചെല്ലാനം മാതൃകയിൽ "Tetrapod seawall - GIDA - ASE - Urgent Reformation work using Tetrapod for the damaged sunken sea wall in between CP stone 1128 and 1137" എന്ന പ്രവൃത്തിയുടെ 35 കോടി രൂപയുടെ എസ്റ്റിമേറ്റിന് ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഭരണാനുമതി നൽകി ഉത്തരവാകുന്നു.

1. ജിയോഫാബ്രിക് ലെയറിന് മുകളിലുള്ള സാൻഡ് കുഷ്യനായി ഡിപ്പാർട്ട്മെന്റൽ എക്സ്കവേറ്റഡ് മെറ്റീരിയൽ ഉപയോഗിക്കേണ്ടതാണ്.

2. അംഗീകൃത അതോറിറ്റിയുടെ (Competent Authority) അന്തിമ ഡിസൈനിന്റെ അടിസ്ഥാനത്തിലാണ് ടി.എസ്. എസ്റ്റിമേറ്റ് (TS Estimate) തയ്യാറാക്കിയിട്ടുള്ളതെന്ന് Technical Sanction അതോറിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

3. നിലവിലുള്ള പ്രൊഫൈൽ (Existing Profile) കണക്കിലെടുത്ത് കല്ലുകളുടെ (Departmental stones)

കൃത്യമായ കണക്ക് സൂക്ഷിക്കേണ്ടതാണ്.

4. സംഖ്യാപരമായ കൃത്യത (Numerical accuracy), വ്യവസ്ഥകൾ (Provisions), അളവുകൾ (Quantities), നിരക്കുകൾ (Rates) എന്നിവ Technical Sanction അതോറിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

5. പ്രോജക്ടിനെ സംബന്ധിച്ച എല്ലാ നിർദ്ദേശങ്ങളും വ്യവസ്ഥകളും പാലിച്ചുകൊണ്ടുള്ള Technical Sanction എസ്റ്റിമേറ്റിൻറെ പകർപ്പ് ടെൻഡറുകൾ വിളിക്കുന്നതിന് മുമ്പ് സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, ഗോശ്രീ ദ്വീപ് വികസന അതോറിറ്റി
ജില്ലാ കളക്ടർ, എറണാകുളം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്
അക്കൗണ്ടന്റ് ജനറൽ (ജി &എസ്.എസ്.എ ഇ&ആർ.എസ്.എ) കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ധനകാര്യ വകുപ്പ് (24.02.2026 ലെ WCD-3/224/2025-FIN പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി (IA3/46/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 06-03-2026 14:29:20
സെക്ഷൻ ഓഫീസർ